# നമ്മുടെ പൂർവ്വീകർക്ക് സന്തോഷം പ്രദാനം ചെയ്യൽ



## ദാജി

**പൂജ്യ ശ്രീ ലാലാജി മഹരാജിന്റെ**

153 ആം ജന്മവാർഷികാഘോഷവേളയിൽ ദാജി നൽകിയ സന്ദേശം

ജനുവരി 22, 23, 24 – കൻഹ ശാന്തി വനം



# നമ്മുടെ പൂർവ്വീകർക്ക് സന്തോഷം പ്രദാനം ചെയ്യൽ

പ്രിയപ്പെട്ടവരേ,

ബസന്ത് പഞ്ചമി സമയമടുക്കുമ്പോൾ, ഓരോ വർഷവും, വിശദീകരിക്കാനാവാത്ത എന്തോ ഒന്ന് എന്റെ ഹൃദയത്തിൽ സംഭവിക്കാറുണ്ട്. മഞ്ഞ പൂക്കൾ, അന്തരീക്ഷത്തിൽ തിരിച്ചെത്തുന്ന ഊഷ്മളത, ഒപ്പം, വിടർന്നു നിൽക്കുന്ന പുഷ്പങ്ങൾ – എല്ലാം പുനരാരംഭത്തെ കുറിക്കുന്നു. എങ്കിലും, ഈ പന്ഥാവിലൂടെ ചരിക്കുന്ന നമുക്കെല്ലാം വസന്തകാലത്തിനപ്പുറം സൗരഭ്യമേകുന്ന ഒന്നാകുന്നു സുപ്രധാനമായ ഈ ദിവസങ്ങൾ. ഭൂമിയിൽ സംജാതമാവാൻ ദിവ്യപ്രകാശം തിരഞ്ഞെടുത്തത് ഈ ദിനമാണല്ലോ.

ജനങ്ങളുടെ ആത്മീയാനുഭവത്തെ എന്നന്നേക്കുമായി സമൂലമാറ്റം വരുത്തുവാനായി ഒരു സവിശേഷ വ്യക്തിത്വം 1873 ഫെബ്രുവരി 2 ന് ഭൂജാതനായി. അക്കാലത്ത് ലോകമതറിഞ്ഞില്ല. എങ്ങിനെയറിയാനാണ്? മഹത് വ്യക്തിത്വങ്ങൾ (മഹാത്മാക്കൾ) നിശബ്ദരായി, ആരവങ്ങളില്ലാതെ, താരപ്രഭയില്ലാതെ, സാധാരണത്വത്തിന്റെ ആവരണമണിഞ്ഞുകൊണ്ടാണല്ലോ അവതരിക്കാറുള്ളത്. എങ്കിലും, പ്രകൃതിക്കതറിയാമായിരുന്നു, ആ ദിവസം പ്രകൃതി നിശബ്ദമായൊരു വാഗ്ദാനം നൽകി.

കുഞ്ഞിന്റെ അമ്മ ഒരു പുണ്യവതിയായിരുന്നു; ഭക്തിപാരവശ്യത്താൽ അവരുടെ ഹൃദയം നിറഞ്ഞിരുന്നു. ഒരിക്കൽ ഒരു അവധൂതൻ ഭിക്ഷാംദേഹിയായി അവരുടെ വാതിൽക്കലെത്തി. ഭക്ഷണമായി അവധൂതൻ മത്സ്യമാവശ്യപ്പെട്ടു; എന്നാൽ അവർ മാംസം പാചകം ചെയ്യുകയോ ഭക്ഷിക്കുകയോ ചെയ്യാറില്ല എന്നതിനാൽ വീട്ടിൽ അത് ലഭ്യമായിരുന്നില്ല. ദൈവകൃപയാൽ, അവിടുത്തെ വേലക്കാരി അടുത്തവീട്ടിൽ നിന്നും രണ്ട് മത്സ്യങ്ങൾ കൊണ്ടുവന്ന് പാചകം ചെയ്തു. ഭക്ഷണം കഴിച്ചശേഷം, സന്തുഷ്ടനായ അവധൂതൻ, "നിങ്ങളെ വിഷമിപ്പിക്കുന്നതെന്താണ്" എന്ന് ചോദിച്ചു. അവർ മറുപടിയൊന്നും പറഞ്ഞില്ലായെങ്കിലും "കുഞ്ഞില്ലാത്തതൊഴികെ മറ്റൊരു ദുഃഖവുമവർക്കില്ല" എന്ന് വേലക്കാരി മറുപടി നൽകി.

നീലാകാശത്തിനപ്പുറത്തേക്ക് ദൃഷ്ടി പായിച്ചുകൊണ്ട് " ഓഹോ, അങ്ങിനെയാണോ" എന്നദ്ദേഹം ഉച്ചത്തിൽ ചോദിച്ചു. കുറച്ചു മിനിട്ടുകൾക്കുശേഷം മന്ദഹസിച്ചുകൊണ്ട് അദ്ദേഹം മുകളിലേക്ക് കൈകളുയർത്തി, "ഒന്ന്... രണ്ട്... ഒന്ന്... രണ്ട്..." എന്നുരുവിട്ടുകൊണ്ട് അവിടെനിന്നും വിടവാങ്ങി. പിന്നീടൊരിക്കലും അദ്ദേഹത്തെ ആരും കണ്ടിട്ടില്ല.

അടുത്ത വർഷം, 1873 ബസന്ത് പഞ്ചമി നാളിൽ ആദ്യത്തെ പുത്രൻ ജനിച്ചു. ലാലാജിയെന്ന വിളിപ്പേരുള്ള ശ്രീ രാം ചന്ദ്രയായിരുന്നു അത്.

ഇതുവരെ ഉപയോഗിക്കാത്ത ഏതുപദമാണ് ഈ പ്രത്യേക വ്യക്തിത്വത്തെ പ്രകീർത്തിക്കുവാൻ ഞാൻ ഉപയോഗിക്കേണ്ടത്? കവികൾ പരിശ്രമിച്ചിട്ടുണ്ട്, അത്തരം വ്യക്തിത്വങ്ങളെക്കുറിച്ച് വിശുദ്ധ ഗ്രന്ഥങ്ങൾ പരാമർശിച്ചിട്ടുമുണ്ട്; ലോർഡ് ടെന്നിസൻ ഈ വാക്കുകൾ അദ്ദേഹത്തെ മാത്രം ഉദ്ദേശിച്ച് എഴുതിയതാണെന്ന് തോന്നുന്നു:

നീ മനുഷ്യനും ദൈവീകനുമാണെന്ന് തോന്നുന്നു,
ഏറ്റവും പരമവും പവിത്രവുമായ പുരുഷപ്രാപ്തി നീ തന്നെയാണ്.

ഒരു യുവാവായിരിക്കുമ്പോൾ തന്നെ, ഒട്ടനവധി ജീവിതകാലം ശ്രമിച്ചിട്ടും പലർക്കും കൈവരിക്കാനാവാതിരുന്ന സായൂജ്യത അദ്ദേഹത്തിന് വെറും ഏഴുമാസക്കാലത്തിനുള്ളിൽ പ്രാപിക്കാനായി. പിന്തുടരേണ്ടതായൊരു വിദൂര ലക്ഷ്യമായിട്ടല്ല ദിവ്യപ്രകാശം അദ്ദേഹത്തിൽ ഉദയം കൊണ്ടത്; അതദ്ദേഹത്തിൽ നിറസാന്നിദ്ധ്യമായിരുന്നു. അദ്ദേഹമതിനെ തേടിയില്ല, അതായിരുന്നു അദ്ദേഹം.

ലാലാജിയിലൂടെ വിസ്മൃതമായിരുന്ന പൈതൃകം മാനവികതയ്ക്കായി പുനരുജ്ജീവിപ്പിക്കപ്പെട്ടു: പ്രാണാഹുതിയെന്ന പവിത്രമായ ശാസ്ത്രം. പ്രാണന്റെ പ്രാണനെ, ജീവിതസത്തയെ, സംപ്രേഷണം ചെയ്യുക എന്നാണതുകൊണ്ട് അർത്ഥമാക്കുന്നത്. അയോദ്ധ്യാപതി രാമചന്ദ്ര പ്രഭുവിന് എഴുപത്തിയേഴ് തലമുറകൾക്കുമുൻപ് പൂജ്യശ്രീ ഋഷഭ് ദേവ്ജി മഹരാജ് ആണ്, ജീവന്റെ കാതൽതന്നെ കൈമാറുക എന്ന സൂക്ഷ്മതയാർന്ന ശാസ്ത്രം, ഗഹനമായ അറിവ് കണ്ടെത്തി, അത് ലോകത്തിന് വെളിപ്പെടുത്തിയത്.

ദിവ്യ സംപ്രേഷണത്തിലൂടെ ബോധത്തിന്റെ ഉന്നത ആത്മീയ മണ്ഡലങ്ങളിലേക്കു കടക്കാനുള്ള അവസരങ്ങൾ തുറന്നുകിട്ടുന്നു. സന്യാസജീവിതത്തിലേക്ക് പിൻവാങ്ങാതെതന്നെ, ചേർച്ചയോടെയുള്ള സംയോജനത്തിലൂടെ ബ്രഹ്മവിദ്യ കരഗതമാക്കുന്നതിന് സാധകർക്ക് സാദ്ധ്യമാവുന്നു: പരമമായതുമായി ആന്തരികമായി ചേർന്നുനിന്നുകൊണ്ടുതന്നെ ഭൗതികലോകത്ത് പൂർണ്ണതയോടെ ജീവിക്കുവാനും, ഒരു ഗൃഹസ്ഥനെന്ന നിലയിൽ ഭൗതികവും ആത്മീയവുമായ കർത്തവ്യങ്ങൾ നിറവേറ്റാനുമുള്ള സാദ്ധ്യത. ഈ ദിവ്യസംപ്രേഷണത്തിന്റെ സജീവമായ ഒഴുക്ക്, ചിട്ടയോടെ പരിശീലിക്കുന്ന സാധകനെ സമാധിയുടെ വിവിധ തലങ്ങളിലേക്ക് അതിവേഗം കൊണ്ടുചെന്നെത്തിക്കുന്നു; പലപ്പോഴും വളരെ ചുരുങ്ങിയ കാലയളവിൽത്തന്നെ.

**ദിവ്യ സംപ്രേഷണത്തിലൂടെ ബോധത്തിന്റെ ഉന്നത ആത്മീയ മണ്ഡലങ്ങളിലേക്കു കടക്കാനുള്ള അവസരങ്ങൾ തുറന്നുകിട്ടുന്നു. സന്യാസജീവിതത്തിലേക്ക് പിൻവാങ്ങാതെതന്നെ, ചേർച്ചയോടെയുള്ള സംയോജനത്തിലൂടെ ബ്രഹ്മവിദ്യ കരഗതമാക്കുന്നതിന് സാധകർക്ക് സാദ്ധ്യമാവുന്നു: പരമമായതുമായി ആന്തരികമായി ചേർന്നുനിന്നുകൊണ്ടുതന്നെ ഭൗതികലോകത്ത് പൂർണ്ണതയോടെ ജീവിക്കുവാനും, ഒരു ഗൃഹസ്ഥനെന്ന നിലയിൽ ഭൗതികവും ആത്മീയവുമായ കർത്തവ്യങ്ങൾ നിറവേറ്റാനുമുള്ള സാദ്ധ്യത.**

എന്നിരുന്നാലും, മാനവ ചരിത്രം ചുരുളഴിഞ്ഞപ്പോൾ, വിലമതിക്കാനാവാത്ത ഈ ശാസ്ത്രം ക്രമേണ മനുഷ്യ ബോധത്തിൽനിന്നും വിസ്മൃതമായി, എന്നെന്നേക്കുമായി നഷ്ടപ്പെട്ട നിലയിലായി. നിയതി ഇടപെടുന്നതുവരെ അത് സജീവമല്ലാത്ത നിലയിൽ തുടർന്നു; ലാലാജി മഹരാജ് ആ ആത്മീയ പ്രവാഹം വീണ്ടും കണ്ടെത്തുകയും, അലൗകികമായതിലേക്കെത്തിച്ചേരാനുള്ള നേരിട്ടുള്ളൊരു മാർഗം മാനവികതയ്ക്കായി വീണ്ടെടുക്കുകയും ചെയ്തു. ഇതായിരുന്നു ലാലാജിയുടെ വരദാനം: തത്വശാസ്ത്രമോ ആത്മജ്ഞാനമോ മാത്രമല്ല, ഹൃദയത്തിൽനിന്നും ഹൃദയത്തിലേക്ക് ആത്മീയ സത്തയുടെ യഥാർത്ഥ സംപ്രേഷണം സാദ്ധ്യമാക്കൽ.

പിന്നീട് ശിഷ്യൻ എത്തിച്ചേർന്നു.

ഷാജഹാൻപൂരിലെ രാം ചന്ദ്ര (ബാബുജി) എന്നൊരു ചെറുപ്പക്കാരൻ ഫത്തേഗറിലുള്ള ദിവ്യനെക്കുറിച്ച് കേട്ടറിഞ്ഞു. ലാലാജിയെക്കുറിച്ചുള്ള പരാമർശം തന്നെ അദ്ദേഹത്തിൽ മാറ്റങ്ങളുണ്ടാക്കി. അങ്ങിനെയദ്ദേഹം ലാലാജിയെ കാണുവാനായി തിരിച്ചു. 1922 ജൂൺ 3 ന് നടന്ന ആ ആദ്യസന്ദർശനം അദ്ദേഹത്തിന്റെ ജീവിതത്തെ പാടേ മാറ്റിമറിച്ചു.

പിന്നീടദ്ദേഹം ഇപ്രകാരമെഴുതി: “ആദ്യമായി ഞാനെന്റെ മാസ്റ്ററുടെ സവിധത്തിലെത്തിയപ്പോൾ അനുപമമായൊരു മാനസിക നിലയാണെനിക്ക് അനുഭവമായത്. ആ നിമിഷത്തിലുണ്ടായ അത്യാനന്ദം വിവരണാതീതമായിരുന്നു. ആ ദിവസം മുതൽ ഞാനൊരു പുതിയ ജീവിതമാരംഭിച്ചു. എല്ലാം മാറ്റിമറിക്കപ്പെട്ടതുപോലെ തോന്നി. ലോകം വ്യത്യസ്തമെന്ന തോന്നലുളവായി.”

അങ്ങിനെ, ആദ്ധ്യാത്മിക ലോകചരിത്രത്തിലെ സ്നേഹഗാഥകളെയെല്ലാം മറികടക്കുമാറൊരു പ്രണയകഥയ്ക്കവിടെ തുടക്കമായി. ഈ വാക്കുകൾ ഞാൻ നിസ്സാരതയോടെയല്ല ഉപയോഗിക്കുന്നത്; ലാലാജിക്കും അദ്ദേഹത്തിന്റെ ശിഷ്യനുമിടയിൽ ഉടലെടുത്തത് സാധാരണമായൊരു ഭക്തിപ്രകടനമല്ല. ഒരദ്ധ്യാപകനോട് ഒരു വിദ്യാർത്ഥിക്കുണ്ടാകാനിടയുള്ള ബഹുമാനത്തിനേക്കാൾ പതിന്മടങ്ങ് ഭക്തിയായിരുന്നു കാണാനിടയായത്. അത് വിവരിക്കാൻ ഭാഷാ പരിമിതിയുണ്ടാവും, ദേവന്മാർ പോലും അത്ഭുതം കൂറും വിധമായിരുന്നു ആ ബന്ധം.

അവർ തമ്മിലുള്ള ബന്ധത്തെക്കുറിച്ച് ബാബുജിയൊരിക്കൽ ഇങ്ങനെ പറഞ്ഞു: “ഞങ്ങൾ വ്യതിവ്യാപനത്തിലായിരുന്നു, ആത്മീയമായി ഞങ്ങൾ പൂർണ്ണമായും ഒന്നായ നിലയിലായിരുന്നു; ഒരു ഹൃദയം

**ഈ വാക്കുകൾ ഞാൻ നിസ്സാരതയോടെയല്ല ഉപയോഗിക്കുന്നത്; ലാലാജിക്കും അദ്ദേഹത്തിന്റെ ശിഷ്യനുമിടയിൽ ഉടലെടുത്തത് സാധാരണമായൊരു ഭക്തിപ്രകടനമല്ല. ഒരദ്ധ്യാപകനോട് ഒരു വിദ്യാർത്ഥിക്കുണ്ടാകാനിടയുള്ള ബഹുമാനത്തിനേക്കാൾ പതിന്മടങ്ങ് ഭക്തിയായിരുന്നു കാണാനിടയായത്. അത് വിവരിക്കാൻ ഭാഷാ പരിമിതിയുണ്ടാവും, ദേവന്മാർ പോലും അത്ഭുതം കൂറും വിധമായിരുന്നു ആ ബന്ധം.**

മാത്രമെന്നപോലെ. യാതൊന്നും പ്രിയനേക്കാൾ മനോഹരമാവില്ല. അത്തരമൊരു സ്നേഹം, പ്രിയനെ സന്തോഷപ്പെടുത്താനും തൃപ്തനാക്കാനുമായി ഒരുവനെ കഠിനപ്രയത്നം ചെയ്യിക്കും."

ലാലാജിയില്ലാതെ ഒരുനിമിഷം പോലും തനിക്ക് ജീവിക്കാനാവില്ല എന്നദ്ദേഹം മറ്റൊരിക്കൽ തുറന്നുപറഞ്ഞിരുന്നു. പതിറ്റാണ്ടുകൾക്കുമുൻപ് വിടപറഞ്ഞ ലാലാജിയുടെ ഭൗതികരൂപത്തെക്കുറിച്ചല്ല അദ്ദേഹം പറഞ്ഞത്, തന്റെ ശ്വാസത്തിന്റെ കാതലായി മാറിയിരുന്ന ലാലാജിയെക്കുറിച്ചായിരുന്നു; പ്രാണന്റെ പ്രാണൻ, ജീവന്റെ ജീവനായ തന്റെ പ്രിയനെക്കുറിച്ച്.

വായിക്കുമ്പോഴെല്ലാം എന്നെ കണ്ണീരിലാഴ്ത്തുന്ന ഒരു കാര്യം ഞാൻ നിങ്ങളുമായി പങ്കുവെയ്ക്കാം.

ലാലാജി പറഞ്ഞെഴുതിക്കുന്ന (dictation) ബാബുജിയെക്കുറിച്ചുള്ള അദ്ദേഹത്തിന്റെ ഒരു പ്രസ്താവന നമ്മെയെല്ലാം അത്ഭുത സ്തബ്ധരാക്കും. തന്റെ ഭാര്യയോടൊപ്പം ചിലവിട്ടിരുന്ന പാവന നിമിഷങ്ങളിലും തന്റെ ഹൃദയത്തിൽനിന്നും തന്റെ മാസ്റ്ററെ ഒരു നിമിഷമാത്രയെങ്കിലും ബാബുജി മാറ്റിനിർത്തിയിരുന്നില്ല എന്നതായിരുന്നു ആ പ്രസ്താവന. അദ്ദേഹത്തിന്റെ ഭൗതികജീവിതത്തിലെ ഓരോനിമിഷത്തിലും, ഓരോ സാഹചര്യങ്ങളിലും അവർ തമ്മിലുള്ള ബന്ധം തീവ്രമായിരുന്നു.

ശരിയായ അർത്ഥത്തിൽ ബ്രഹ്മചര്യമെന്നത് ഇതാണ്: ഭൗതികജീവിതത്തിന്റെ അഭാവമല്ല, മറിച്ച്, ജീവിതത്തിലുടനീളമുള്ള നിരന്തരസ്മരണയുടെ സാന്നിദ്ധ്യം. ലോകവുമായി ഇടപെടുമ്പോഴും ബാബുജിയുടെ ശ്രദ്ധ ഉന്നതമായതിൽ മാത്രം നിലകൊണ്ടിരുന്നു.

അത്തരം സ്മരണ നിലനിർത്താൻ ഏതുതരം സ്നേഹത്തിനാവും? അത്തരം സ്ഥിരത ഉറപ്പുവരുത്താൻ ഏതുതരം ഭക്തിക്കാവും?

അനിതരസാധാരണമായ ഒന്ന് ഞാനിപ്പോൾ നിങ്ങളോട് വെളിപ്പെടുത്താം.

പ്രകാശലോകത്തുനിന്നുള്ള മന്ത്രണങ്ങളുടെ ഭാഗമായി മാർച്ച് 21 1945 ന് നടന്ന ആശയവിനിമയം സ്വർണ്ണലിപികളാൽ കുറിച്ചുവെയ്ക്കപ്പെടേണ്ടതാണ്. ആദ്യം, ആത്മാക്കളുടെയിടയിലെ സിംഹമായ സ്വാമി വിവേകാനന്ദൻ, ലാലാജിക്ക് ബാബുജിയോടുള്ള സ്നേഹത്തെക്കുറിച്ച് പറയുന്നു, പിന്നീട്, ഭഗവാൻ കൃഷ്ണൻ ബാബുജിക്ക് ലാലാജിയോടുള്ള സ്നേഹത്തെപ്പറ്റി പറയുന്നു.

സ്വാമി വിവേകാനന്ദൻ പറയുന്നു: “അങ്ങയോടുള്ള സ്നേഹത്തെക്കുറിച്ച് നമ്മുടെ പ്രഭു (ലാലാജി) പറഞ്ഞതെല്ലാം തികച്ചും സത്യമാണ്. അങ്ങയോടുള്ള സ്നേഹത്താൽ അദ്ദേഹം എരിയുകയാണ്. എന്റെ ജീവിതത്തിലൊരിക്കലും ഇത്തരമൊരു ഉദാഹരണം എനിക്ക് കാണിച്ചുതരാനാവില്ല.” പിന്നീടദ്ദേഹം കൂട്ടിച്ചേർക്കുന്നു, “ദൈവത്തെ അന്വേഷിച്ച് ആളുകൾ വീടുകൾ ഉപേക്ഷിക്കുന്നു: ഇദ്ദേഹം നിങ്ങൾക്കുവേണ്ടി തന്റെ ഗൃഹം തന്നെ ഉപേക്ഷിച്ചു. വിമോചിതമായൊരാത്മാവിൽ നിന്ന് പ്രതീക്ഷിക്കാവുന്ന ഏറ്റവും മഹത്തായൊരു ത്യാഗമായി ഇതിനെ കണക്കാക്കാം.” ഇതുകേട്ട ലാലാജി ഇടപെടുന്നു, ബാബുജിയോട് ഡയറിയിൽ ഈ സംഭാഷണം രേഖപ്പെടുത്തരുതെന്ന് ആവശ്യപ്പെടുന്നു.

വിമുക്തനായ ലാലാജി, തന്റെ ശിഷ്യനായ ബാബുജിക്കുവേണ്ടി സ്വർഗീയ ഗേഹം (Bhandar) വെടിഞ്ഞു. ശിഷ്യനുവേണ്ടി ഗുരു അവതരിച്ചു, ദൈവകൃപ മനുഷ്യർക്കുമേൽ ചൊരിയപ്പെട്ടിരിക്കുന്നു.

അതിനുശേഷം ഭഗവാൻ കൃഷ്ണൻ സംസാരിച്ചു, അതെഴുതുമ്പോൾ എന്റെ കൈകൾ ഇപ്പോഴും വിറക്കുകയാണ്: “സ്വാമി വിവേകാനന്ദൻ പറഞ്ഞത് അക്ഷരാർത്ഥത്തിൽ കൃത്യമാണ്. സ്നേഹത്തിന്റെ വിഷയത്തിൽ താങ്കൾ രാധയെപോലും മറികടന്നിരിക്കുന്നുവെന്ന്

എഴുതുന്നതിൽ തെറ്റൊന്നുമില്ല... രാധയുടെ സ്നേഹത്തിനു സ്ഥാനം ഇനി താങ്കൾക്കു പിന്നിൽ മാത്രം."

ഇതിനർത്ഥമെന്തെന്നറിയുമോ?
ഉദാത്ത സ്നേഹത്തിനുദാഹരണമായി ഭഗവാൻ കൃഷ്ണനോടുള്ള രാധയുടെ സ്നേഹമാണ് കാലാന്തരങ്ങളായി ലോകം മുഴുവൻ ആഘോഷിക്കപ്പെട്ടിരുന്നത്. രാധയുടെ പേര് ദിവ്യസ്നേഹത്തിന്റെ പര്യായമായാണ് കണക്കാക്കപ്പെട്ടിരുന്നത്. എന്നിട്ടും ഭഗവാൻ കൃഷ്ണൻ, ബാബുജിയ്ക്ക് ലാലാജിയോടുള്ള സ്നേഹം അതിനെ മറികടക്കുന്നുവെന്ന് പ്രഖ്യാപിക്കുകയാണ്.

പക്ഷേ കഥ അവിടെ അവസാനിക്കുന്നില്ല. മൂന്ന് ദിവസത്തിന് ശേഷം, സൃഷ്ടിയിൽ ഇതുവരെ ഉണ്ടായിട്ടില്ലാത്ത ഒരു പാരമ്യത്തിലേക്ക് അതെത്തുന്നു.

1945 മാർച്ച് 24-ന് ശുഭദിനത്തിൽ, പരമാത്മാവിൽ നിന്ന് നേരിട്ട് ബാബുജിക്ക് ദീക്ഷ നൽകാൻ ലാലാജി ഏർപ്പാട് ചെയ്തു. ഇതിന് സാക്ഷ്യം വഹിച്ച ഭഗവാൻ കൃഷ്ണൻ ഇങ്ങനെ പ്രഖ്യാപിച്ചു: "നിങ്ങളുടെ പൂജനീയ മാസ്റ്റർ പരമാത്മാവിനാൽ നേരിട്ട് നിങ്ങൾക്ക് ദീക്ഷ നൽകിപ്പിച്ച ദിവസം വളരെ ശുഭകരമാണ്. ഇതാണ് യഥാർത്ഥ ദീക്ഷ. സൃഷ്ടിയുടെ ആരംഭത്തിനു ശേഷമുള്ള ആദ്യത്തെ ഉദാഹരണമാണിത്."

സ്വാമി വിവേകാനന്ദൻ കൂട്ടിച്ചേർത്തു: "പരമാത്മാവുമായുള്ള നിങ്ങളുടെ നേരിട്ടുള്ള ദീക്ഷയുടെ വാർത്ത കേട്ടപ്പോൾ എനിക്ക് അതിയായ സന്തോഷമുണ്ടായി. ലോകാരംഭത്തിനു ശേഷമുള്ള ആദ്യത്തെ ഉദാഹരണമാണിത്."

ഇനി, ഒന്ന് നിൽക്കുക, എന്റെ ഹൃദയത്തെ വിസ്മയം കൊണ്ട് വേദനിപ്പിക്കുന്ന ഒരു കാര്യം പരിഗണിക്കേണ്ടതുണ്ട്.

ഈ പരമമായ സംഭവത്തിനുശേഷം, ലാലാജി നടത്തിയ നിശബ്ദപ്രസ്താവന അദ്ദേഹത്തിന്റെ നിസ്വാർത്ഥതയുടെ ആഴം വെളിപ്പെടുത്തുന്നു. അദ്ദേഹം പറഞ്ഞു, “നേരിട്ടുള്ള ദീക്ഷ പൂർണ്ണമായും എന്റെ രീതിയാണ്. ഇതിനുമുമ്പ്, അതാർക്കും അറിയുമായിരുന്നില്ല, ഒരിക്കലും അത് പ്രയോഗത്തിൽ കൊണ്ടുവന്നിട്ടുമില്ല.”



**ഈ പരമമായ സംഭവത്തിനുശേഷം, ലാലാജി നടത്തിയ നിശബ്ദപ്രസ്താവന അദ്ദേഹത്തിന്റെ നിസ്വാർത്ഥതയുടെ ആഴം വെളിപ്പെടുത്തുന്നു. അദ്ദേഹം പറഞ്ഞു, “നേരിട്ടുള്ള ദീക്ഷ പൂർണ്ണമായും എന്റെ രീതിയാണ്. ഇതിനുമുമ്പ്, അതാർക്കും അറിയുമായിരുന്നില്ല, ഒരിക്കലും അത് പ്രയോഗത്തിൽ കൊണ്ടുവന്നിട്ടുമില്ല.”**

ഇതിന്റെ അർത്ഥം മനസ്സിലായോ? ലാലാജിക്ക് ആ രീതി അറിയാമായിരുന്നു, കാരണം അത് അദ്ദേഹത്തിന്റെ സ്വന്തം കണ്ടുപിടുത്തമായിരുന്നു. തന്റെ ജീവിതകാലത്ത്, തനിക്ക് മുമ്പ് ഒരാളും മനസ്സിലാക്കിയിട്ടില്ലാത്തത് അദ്ദേഹം മനസ്സിലാക്കിയിരുന്നു: പരമാത്മാവിൽ നിന്ന് നേരിട്ട് ദീക്ഷ സ്വീകരിക്കാനുള്ള സാധ്യത. അദ്ദേഹത്തിനത് തനിക്കായി ഉപയുക്തമാക്കാമായിരുന്നു, പക്ഷേ അദ്ദേഹം അങ്ങനെ ചെയ്തില്ല. ഈ പരമരഹസ്യം അദ്ദേഹം തന്റെ ഉള്ളിൽ തന്നെ സൂക്ഷിച്ചു; തന്റെ പ്രിയപ്പെട്ട ശിഷ്യൻ അത്തരമൊരു സമ്മാനം സ്വീകരിക്കാൻ കഴിയുന്ന അവസ്ഥയിൽ എത്തുന്നതിനായി കാത്തിരുന്നു. ബാബുജി ആ ഉന്നതാവസ്ഥയിലെത്തിയപ്പോൾ, ലാലാജി തന്റെ ശിഷ്യനുവേണ്ടി ആ രീതി ഉപയോഗപ്പെടുത്തി.

ഗുരു ശിഷ്യനെ ഒന്നാമതെത്തിച്ചു, താൻ ഒരിക്കലും സ്വീകരിക്കാതെ അത് ശിഷ്യന് ആദ്യം നൽകി. അത്തരമൊരു സ്നേഹം യുക്തിക്ക് അതീതമാണ്; ഒരുപക്ഷേ ഒരു കുട്ടിക്കുവേണ്ടി മാതാപിതാക്കൾ ത്യാഗം ചെയ്യുന്നതിനേക്കാളും, ഒരു കാമുകൻ തന്റെ പ്രിയപ്പെട്ടവൾക്ക്

എല്ലാം നൽകുന്നതിനേക്കാളും വലുതാണത്. ഇവിടെ ഗുരു ആത്യന്തികമായ ആത്മീയസമ്മാനം കണ്ടെത്തി; അത് തന്റെ ശിഷ്യന് നൽകി; തിരശ്ശീലക്കുപിന്നിൽ തൃപ്തനായി നിലകൊണ്ടു. തന്റെ ശിഷ്യൻ, താൻ ആഗ്രഹിക്കാത്ത ഉയരങ്ങളിലേക്ക് ഉയരുന്നത് കണ്ട് സംതൃപ്തിയടഞ്ഞു.

ഈ പരമോന്നത സമ്മാനം സമർപ്പിച്ചതിനുശേഷം ലാലാജി തന്നെക്കുറിച്ച് എന്താണ് പറഞ്ഞത്? അദ്ദേഹം ഒരു പേർഷ്യൻ ഈരടി ഉദ്ധരിച്ചു: “”ആയിരക്കണക്കിന് അടിമകളുടെ യജമാനനായിരുന്ന മഹ്മൂദ് ഗസ്നവി രാജാവ്, ഒരു അടിമയുടെ അടിമ എന്ന പദവിയിലേക്ക് തരംതാഴ്ത്തപ്പെടുന്ന തരത്തിൽ ദാരിദ്ര്യത്തിലാണ്ടുപോയി.” പിന്നെ ലാലാജി ഇങ്ങനെ കൂട്ടിച്ചേർത്തു, “എന്റെ അവസ്ഥയിതാണ്.”

നഷ്ടപ്പെട്ടത് വീണ്ടെടുത്ത്, എല്ലാ മനുഷ്യരിലേക്കും പ്രാണാഹുതി പകർന്ന് പ്രത്യേക വ്യക്തിത്വമായ, മാസ്റ്റർമാർക്ക് മാസ്റ്ററായ ഗുരുനാഥൻ, തന്നെക്കാൾ മഹത്തായ ഒന്ന് ശിഷ്യന് നൽകിയതിനാൽ “ഒരു അടിമയുടെ അടിമ” എന്ന് സ്വയം വിശേഷിപ്പിച്ചു.

തന്റെ ശിഷ്യന് ആദ്യം രുചിക്കാൻ വേണ്ടി, ആത്യന്തിക ഫലം സ്വയം അനുഭവിക്കാത്ത ഒരു ഗുരുവിന്റെ ഉദാത്തമായ സ്നേഹത്തിന് നാം ഇവിടെ സാക്ഷ്യം വഹിക്കുന്നു. സൃഷ്ടിയിലെ ഏറ്റവും മഹത്തായ രഹസ്യം കണ്ടെത്തിയപ്പോൾ, അത് മറ്റൊരാൾക്ക് സമ്മാനമായി നൽകാൻ തക്കവണ്ണം അത്രയും വിശാലമായിരുന്നു അദ്ദേഹത്തിന്റെ ഹൃദയം. പക്ഷേ അതിനെ ത്യാഗം എന്ന് വിളിക്കുന്നത് ഒരു യഥാർത്ഥ ഗുരുവിന്റെ ഹൃദയത്തെ തെറ്റിദ്ധരിക്കുന്നതിന് തുല്യമായിരിക്കും. ഈ സമ്മാനം ലാലാജിക്ക് അങ്ങേയറ്റം സന്തോഷദായകമായിരുന്നു.

വാസ്തവത്തിൽ, ഒരു ഗുരുവിന് തന്റെ ശിഷ്യൻ തന്നെ മറികടന്ന് പോകുന്നതും, തനിക്ക് പ്രിയപ്പെട്ടവൻ ഔന്നത്യത്തിലേക്ക് ഉയരുന്നത്

കാണുന്നതും, എല്ലാം നൽകി അതിന് പകരമായി പൂർണ്ണത മാത്രം അനുഭവിക്കുന്നതും ഏറ്റവും വലിയ സന്തോഷമാണ്. ഒരു അമ്മ തന്റെ കുഞ്ഞിന് പാൽ കൊടുക്കുമ്പോൾ അവർ ത്യാഗം ചെയ്യുകയല്ല ചെയ്യുന്നത്, അതുപോലെ ഒരു നദി കടലിൽ ലയിക്കുമ്പോഴും അത് ത്യാഗമല്ല. ലാലാജിയെ സംബന്ധിച്ചിടത്തോളം, പരമാത്മാവിൽ നിന്ന് നേരിട്ട് ദീക്ഷ സ്വീകരിക്കുന്ന ആദ്യത്തെ മനുഷ്യനാകാൻ ബാബുജിയെ പ്രാപ്തനാക്കിയത് ഒരു പൂർത്തീകരണവും ആനന്ദത്തിന്റെ ഉറവിടവുമായിരുന്നു.

**വാസ്തവത്തിൽ, ഒരു ഗുരുവിന് തന്റെ ശിഷ്യൻ തന്നെ മറികടന്ന് പോകുന്നതും, തനിക്ക് പ്രിയപ്പെട്ടവൻ ഔന്നത്യത്തിലേക്ക് ഉയരുന്നത് കാണുന്നതും, എല്ലാം നൽകി അതിന് പകരമായി പൂർണ്ണത മാത്രം അനുഭവിക്കുന്നതും ഏറ്റവും വലിയ സന്തോഷമാണ്.**

ഇതാണ് സ്നേഹം. ഇതാണ് മാർഗം. ഇതാണ് ബസന്ത് പഞ്ചമിയിൽ നമ്മൾ ആഘോഷിക്കുന്നത്.

ഇപ്പോഴത്തെ കാലഘട്ടത്തെക്കുറിച്ച് ലാലാജി ഒരിക്കൽ ഇങ്ങനെ പറഞ്ഞു, "ഈ കാലം ഇനി അധികനാൾ ആവർത്തിക്കില്ല. ഈ പ്രത്യേക സമയത്തേക്ക്, 'മജ്നു കാടിനെ തന്റെ വീടാക്കി, പക്ഷേ ഞാൻ എന്റെ വീടിനെ ഒരു വനമാക്കി മാറ്റി' എന്ന പഴഞ്ചൊല്ല് ചേരും."" ഇതിഹാസ കാമുകനായ മജ്നു പ്രണയ ഭ്രാന്തനായി, തന്റെ സംസ്കാരം ഉപേക്ഷിച്ച് മരുഭൂമിയിൽ അലഞ്ഞുനടന്നു. ഇതിനു വിപരീതമായി, ലാലാജി മാസ്റ്റർ തന്റെ സ്വർഗീയ ഭവനത്തെ തന്റെ ശിഷ്യനുവേണ്ടി വാഞ്ഛയുടെ ഒരു മരുഭൂമിയാക്കി മാറ്റി.

ബാബുജിയുടെ അർഹതയുടെ നിലവാരത്തെ ഭഗവാൻ കൃഷ്ണൻ വിശേഷിപ്പിച്ചത് 'അനുത്തര' എന്നാണ്, അതായത് ഏറ്റവും

ഉയർന്ന തലത്തിലുള്ളത്. അദ്ദേഹം പറഞ്ഞു, "അത്തരം അർഹത ചിലപ്പോൾ വർഷങ്ങൾക്കോ നൂറ്റാണ്ടുകൾക്കോ അല്ലെങ്കിൽ സഹസ്രാബ്ദങ്ങൾക്കോ ശേഷം പെട്ടെന്നുണ്ടാവുന്നതാണ്; അതിന് സമാനതകളൊന്നുമില്ല. അത്തരം യോഗ്യനായ വ്യക്തി ദൈവത്തിന്റെ കൽപ്പനയാൽ ജനിക്കുന്നു. നിങ്ങൾ അതിന് ഉദാഹരണമാണ്."

1931–ൽ ലാലാജി തന്റെ ഭൗതിക ശരീരം ഉപേക്ഷിച്ചപ്പോൾ ബാബുജി ഇങ്ങനെ എഴുതി, "സത്യം പറഞ്ഞാൽ, എന്റെ മാസ്റ്ററല്ല മരിച്ചത്; ഞാൻ മരിച്ചതുപോലെ എനിക്ക് തോന്നി." വർഷങ്ങളോളം, അദ്ദേഹത്തിന്റെ ഡയറി മിക്കവാറും നിശബ്ദമായി തുടർന്നു. ലാലാജി ജീവിച്ചിരിക്കുമ്പോൾ വളരെയധികം കാര്യങ്ങൾ രേഖപ്പെടുത്തിയ പ്രതിഭാധനനായ ആ ശിഷ്യൻ ഒരു സുഷുപ്തിയിലേക്ക് പ്രവേശിച്ചു; ആ അന്ധകാരത്തിൽ എന്തോ ഒന്ന് മുളയ്ക്കേണ്ടതുണ്ടായിരുന്നു.

പിന്നീട്, 1944–ൽ, അവരുടെ ആശയവിനിമയം പുനഃസ്ഥാപിക്കപ്പെട്ടു. ശാരീരിക മരണത്തോടെ അവസാനിച്ചതായി തോന്നിയ ബന്ധം രൂപം മാറുക മാത്രമേ ചെയ്തുള്ളു. ലാലാജി മാർഗദർശനം നൽകുകയും, സംപ്രേഷണം നൽകുകയും, സ്നേഹിക്കുകയുമെല്ലാം ചെയ്തുകൊണ്ടിരുന്നു. ആ ബന്ധം മരണത്തെ മറികടന്നു, ആ സ്നേഹം ശരീരത്തെ മറികടന്നു, സംപ്രേഷണം തുടർന്നുകൊണ്ടിരുന്നു.

എന്തുകൊണ്ടാണ് ഇതെല്ലാം ഞാൻ ഈ ബസന്ത് പഞ്ചമിയിൽ പങ്കുവെക്കുന്നത്? നിങ്ങൾക്ക് എന്താണ് ലഭ്യമായിരിക്കുന്നത് എന്ന് നിങ്ങൾക്ക് മനസ്സിലാകാൻ വേണ്ടിയാണത്.

ധ്യാനത്തിനായി ഇരിക്കുമ്പോൾ നിങ്ങളുടെ ഹൃദയത്തിൽ അനുഭവപ്പെടുന്ന ആ മൃദുചലനം, ലാലാജിക്കും ബാബുജിക്കും ഇടയിൽ ഒഴുകിയ അതേ അരുവിയുടെ സ്പർശനമാണ്. സംപ്രേഷണം ലഭിക്കുമ്പോൾ, തലമുറകളോളം നഷ്ടപ്പെട്ടുകിടന്ന, മനുഷ്യവർഗത്തിന്

ലഭിച്ച ഒരു സമ്മാനമാണ് നിങ്ങൾക്ക് ലഭിക്കുന്നത് എന്ന് നിങ്ങൾ മനസ്സിലാക്കണം; അറിയപ്പെടാത്ത ഒന്നിനുവേണ്ടിയുള്ള വിശദീകരിക്കാനാകാത്ത ആ ആഗ്രഹം നിങ്ങൾക്കുണ്ടാവുമ്പോൾ, രാധയുടെ സ്നേഹത്തെപ്പോലും മറികടക്കുന്ന ഒരു സ്നേഹത്തിന്റെ പ്രതിധ്വനിയാണ് നിങ്ങൾക്കുണ്ടാവുന്നത് എന്നറിയണം.

ഇത് നമുക്ക് പാരമ്പര്യമായി ലഭിച്ചതാണ്; നമ്മുടെ ജന്മാവകാശമാണ്. 1873–ലെ ബസന്ത് പഞ്ചമിയിൽ ഒരു കുഞ്ഞ് ജനിച്ച്, പിന്നീട് മാസ്റ്ററായിത്തീർന്നതുകൊണ്ടും, സൃഷ്ടിയുടെ ആരംഭം മുതൽ ഒരു ശിഷ്യൻ ആ ഗുരുവിനെ സമാനതകളില്ലാത്ത സ്നേഹിച്ചതിനാലുമാണ് ഇത് നമുക്ക് ലഭ്യമായത്.

വസന്തകാല പുഷ്പങ്ങൾ വിടർന്ന്, ലോകം സ്വയം പുതുമോടി അണിയുമ്പോൾ, പരിശീലിക്കുന്നവരുടെ ഹൃദയങ്ങളിൽ, സംപ്രേഷണം അതിന്റെ പ്രവർത്തനം തുടരുമ്പോൾ, അതേ പുനരുദ്ധാരണം നിശബ്ദമായി, നിത്യേന നമ്മളിലും സംഭവിച്ചുകൊണ്ടിരിക്കുന്നുണ്ട്. ഈ ബസന്ത് പഞ്ചമി ദിനത്തിൽ, ഇതെല്ലാം സാധ്യമാക്കിയ പ്രത്യേക വ്യക്തിത്വമായ പൂജ്യ ശ്രീ ലാലാജി മഹരാജിന്റെ പാദങ്ങളിൽ ഞാൻ നമസ്കരിക്കുന്നു. ഒരിക്കലും അടയ്ക്കാൻ കഴിയാത്ത ഒരു വാതിൽ തുറന്നു തന്ന പൂജ്യ ശ്രീ ബാബുജി മഹരാജിന്റെ പാദങ്ങളിലും ഞാൻ നമസ്കരിക്കുന്നു.

ഈ പൈതൃകത്തിന്റെ അവകാശികളാണ് നമ്മൾ. എന്തൊരു വംശാവലി! എത്ര വലിയൊരു നിധിയാണ് നമ്മുടെ കൈകളിൽ ഏൽപ്പിക്കപ്പെട്ടിരിക്കുന്നത്! ഇനി നമ്മുടെ മുമ്പിൽ ഉയരുന്ന ചോദ്യം ഇതാണ്: ഈ പൈതൃകം ഉപയോഗിച്ച് നമ്മൾ എന്തുചെയ്യും?

നമുക്ക് അവസരത്തിനൊത്ത് ഉയരാം. നമ്മുടെ ആത്മീയ പിതാക്കളെ കൂടുതൽ സന്തോഷിപ്പിക്കുകയും ആനന്ദിപ്പിക്കുകയും ചെയ്യാം. പ്രകാശലോകത്തുനിന്ന് താഴേക്ക് നോക്കി, നമ്മളെ ഒന്നിച്ചു കണ്ട്, നമ്മൾ പരസ്പരം സ്നേഹിക്കുന്നതും ബഹുമാനിക്കുന്നതും,



**നമുക്ക് അവസരത്തിനൊത്ത് ഉയരാം. നമ്മുടെ ആത്മീയ പിതാക്കളെ കൂടുതൽ സന്തോഷിപ്പിക്കുകയും ആനന്ദിപ്പിക്കുകയും ചെയ്യാം. പ്രകാശലോകത്തുനിന്ന് താഴേക്ക് നോക്കി, നമ്മളെ ഒന്നിച്ചു കണ്ട്, നമ്മൾ പരസ്പരം സ്നേഹിക്കുന്നതും ബഹുമാനിക്കുന്നതും, അവർ എന്തിനു വേണ്ടിയാണോ ജീവിച്ചത് അതിനായി നമ്മൾ ജീവിക്കുന്നതും കണ്ട് ആനന്ദത്തോടെ അവർ നൃത്തം ചെയ്യട്ടെ.**

അവർ എന്തിനു വേണ്ടിയാണോ ജീവിച്ചത് അതിനായി നമ്മൾ ജീവിക്കുന്നതും കണ്ട് ആനന്ദത്തോടെ അവർ നൃത്തം ചെയ്യട്ടെ.

ഈ പൈതൃക പാരമ്പര്യത്തെ സംരക്ഷിക്കുന്നതിനും സമ്പന്നമാക്കുന്നതിനും നാം അവരുടെ മാനദണ്ഡങ്ങൾക്കനുസൃതമായി പെരുമാറുകയും ചിന്തിക്കുകയും പ്രവർത്തിക്കുകയും വേണം. ഈ മാർഗം പിന്തുടരുന്ന എല്ലാ കുടുംബങ്ങളിലും ഐക്യം ഉണ്ടാകട്ടെ. അന്വേഷകർ ഒത്തുകൂടുന്ന എല്ലാ കേന്ദ്രങ്ങളിലും ഐക്യം ഉണ്ടാകട്ടെ. ആത്മീയ സമൂഹങ്ങളിലേക്ക് നുഴഞ്ഞുകയറുന്ന അപൂർവ്വം പടലപ്പിണക്കങ്ങൾ ഈ വസന്തകാല സൂര്യന്റെ ഊഷ്മളതയിൽ അലിഞ്ഞുപോകട്ടെ. നമ്മളെല്ലാവരും ഒരേ വംശപരമ്പരയിൽപ്പെട്ട കുഞ്ഞുങ്ങളാണെന്നും, ഒരേ സംപ്രേഷണത്തിന്റെസ്വീകർത്താക്കളാണെന്നും,ഒരേലക്ഷ്യത്തിലേക്ക് ചരിക്കുന്നവരാണെന്നും നമുക്ക് സ്വയം ഓർമ്മപ്പെടുത്താം.

തന്റെ ശിഷ്യൻ തഴച്ചുവളരുന്നത് കാണുന്നതിന്റെ സന്തോഷത്തിനായി ലാലാജിക്ക് തന്റെ ഏറ്റവും വലിയ കണ്ടുപിടുത്തം നൽകാൻ കഴിയുമെങ്കിൽ, ബാബുജിക്ക് രാധയേക്കാൾ കൂടുതലായി സ്നേഹിക്കാൻ കഴിയുമെങ്കിൽ, തീർച്ചയായും നമുക്ക് നമ്മുടെ കൂടെയുള്ള സഹോദരീസഹോദരന്മാർക്ക് സൗഹൃദത്തിന്റെ

ഒരു കൈ നീട്ടാൻ കഴിയും. ചെറിയ പരാതികൾ ഉപേക്ഷിക്കാം, നമ്മിലേക്ക് പകർന്നുനൽകിയത് യോഗ്യമായ പാത്രങ്ങളായി പകർന്നുനൽകാം.

നമ്മുടെ ഗുരുക്കന്മാരുടെ സ്നേഹം നമ്മുടെയെല്ലാം ഹൃദയങ്ങളെ സ്പർശിക്കട്ടെ; ആ സംപ്രേഷണം നമ്മുടെ അസ്തിത്വത്തെ രൂപാന്തരപ്പെടുത്തട്ടെ, നിങ്ങൾ നിങ്ങളുടേതായ രീതിയിൽ അവരുടെ പൈതൃകത്തിന്റെ ജീവിക്കുന്ന ദൃഷ്ടാന്തങ്ങളായി മാറട്ടെ.

പ്രാർത്ഥനയോടും സ്നേഹത്തോടും,
**കമലേഷ്**

ബസന്ത് പഞ്ചമി, ജനുവരി 23, 2026



## ദാജിയുമൊത്തുള്ള മാസ്റ്റർക്ലാസുകൾ

നിങ്ങൾക്ക് എപ്പോൾ വേണമെങ്കിലും ഹാർട്ട്ഫുൾനെസ് ധ്യാനം ആരംഭിക്കാം! മൂന്ന് ഭാഗങ്ങളുള്ള മാസ്റ്റർക്ലാസ് പരമ്പരയിൽ ദാജിയോടൊപ്പം ചേരൂ, ഹാർട്ട്ഫുൾനെസ് പരിശീലനത്തിന്റെ ഗുണങ്ങൾ അദ്ദേഹം നിങ്ങളുമായി പങ്കുവെക്കുകയും, നിങ്ങളുടെ ദിനചര്യയിൽ ഹാർട്ട്ഫുൾനെസ് റിലാക്സേഷൻ, ധ്യാനം, ശുദ്ധീകരണം, പ്രാർത്ഥന എന്നിവ എങ്ങനെ സംയോജിപ്പിക്കാമെന്ന് വിശദീകരിക്കുകയും ചെയ്യുന്നു. എല്ലാ മാസ്റ്റർക്ലാസുകളും സൗജന്യമാണ്.

https://heartfulness.org/global/masterclass/

## ഹാർട്ട്ഫുൾനെസ് പരിശീലനങ്ങൾ

ഹാർട്ട്ഫുൾനെസ് പരിശീലനരീതികൾ മനസ്സിലാക്കുക – വിശ്രാന്തിയിലാവാനും, ധ്യാനിക്കാനും ശുദ്ധീകരിക്കാനും, പ്രാർത്ഥിക്കാനും പഠിക്കുക.

https://heartfulness.org/in-en/heartfulness-practices/

heartfulness
purity weaves destiny

